# അത്യാഗ്രഹിയായ ടെൻഗു

1. വളരെ, വളരെ, പണ്ട്  ഓസുഗി എന്ന പർവ്വത ഗ്രാമത്തിൽ ................................
"ഹാച്ചിബീ, ഒരു നീരുറവ കണ്ടെത്തിയെങ്കിൽ ഭാഗ്യം"
"നീയത് കണ്ടെത്തണേ എന്നാണെന്റെ പ്രത്യാശ -
അല്ലെങ്കിൽ ഈ വറുതിക്ക് എന്നാനൊരവസാനമുണ്ടാവുക"
"കൂട്ടരേ, ഞാനെന്റെ കഴിവിന്റെ പരമാവധി ശ്രമിക്കാം"
"എന്നാൽ ടെൻഗുവിനെ സൂക്ഷിച്ചോളണേ"

2. പോകുന്ന വഴിക്ക് ഹാച്ചിബിക്ക് രസികരായ ചില പുതിയ കൂട്ടുകാരെ കിട്ടി.
"ഹായ്, ഞാൻ യുകി ഒട്ടോകോ. നിന്റെ കയ്യിൽ വല്ല ഐസ്ക്രീമോ മറ്റോ ഉണ്ടോ ?"
"ഓ, എന്റെ പേര് ചിക്കി ചിക്കൻ ഞാൻ മിസ് ചിക്കൻ
മത്സരത്തിന് പോവുകയാണ്. എന്റെ ഈ കണ്ണാടി കൊള്ളാമോ ?"
"ഞാൻ ടാനുകി. നീരുറവ എവിടെയാണെന്ന് എനിക്കറിയാം.
അതെനിക്ക് വിട്ടേക്കൂ".

3. പെട്ടെന്ന്, ടെൻഗു ചാടി വീണ്
" എന്റെ മലയിൽ നിങ്ങൾ എന്ത് ചെയ്യുകയാണ് "?
" ഒരു നീരുറവ നോക്കി നടക്കുകയാണ്."
"ഹും, കൊള്ളാം. എനിക്ക് നഷ്ടപ്പെട്ട എന്റെ മാന്ത്രിക വിശറിയും
പിന്നെ.....എന്റെ..... എന്റെ വിശേഷപ്പെട്ട ചെണ്ടക്കോലും
മോഷ്ടിച്ചതാരാണെന്ന് കണ്ടെത്താമെന്ന് വാക്ക് തരികയാണെങ്കിൽ
ഞാൻ നിങ്ങളെ അതിനനുവദിക്കാം".
'ശരി,സമ്മതിച്ചു".
" എന്നാൽ ഓർത്തോളൂ, ഇത് എന്റെ സ്വന്തം മലയാണ്".

4. വൈകാതെ അവർ ഇടി മുഴക്കത്തിന്റെ ദേവതയായ കാമിനാരിയുടെ അടുത്തെത്തി

"ടെൻഗു എന്റെ ചെണ്ട മോഷ്ടിച്ചു. പക്ഷേ അതിന്റെ വിശേഷപ്പെട്ട ചെണ്ടക്കോൽ എന്റെ കയ്യിൽത്തന്നെയുണ്ട്. അതുകൊണ്ട് അവന് മഴ പെയ്യിക്കുവാനോ, മഞ്ഞു പൊഴിക്കുവാനോ കഴിയില്ല.

"ഓ അപ്പോൾ അത് കാരണമാണ് ഇത്രയും കാലം മഴ പെയ്യാതിരിക്കുന്നത്".

"നമുക്ക് ടെൻഗുവിന്റെ കോട്ടയിൽ ചെന്നു കാമിനാരിയുടെ ചെണ്ട തിരിച്ചെടുക്കാൻ ശ്രമിക്കാം.

5 ടെൻഗുവിന്റെ കോട്ടയിൽ വെച്ച് താമസിയാതെ അവർ അഞ്ചു കൂട്ടുകാരും ടെൻഗുവിന്റെ പിടിയിലായി.

"ആ ഹാഹാഹാ.......അവസാനം എനിക്ക് ആകാശങ്ങളുടെ ശക്തി ലഭിച്ചിരിക്കുന്നു". അവൻ ചെണ്ടയിൽ കൊട്ടികൊണ്ട് അട്ടഹസിച്ചു.

പേടിച്ചരണ്ട ചിക്കി ചിക്കൻ അവളുടെ കണ്ണാടി പൊക്കിപ്പിടിച്ചു മിന്നൽ പിണറിന്റെ കണ്ണാടിയിലെ പ്രതിഫലനം ടെൻഗുവിന്റെ മേൽ പതിക്കുകയും അങ്ങിനെ ടെൻഗു കല്ലായിത്തീരുകയും ചെയ്തു.

"ഭേഷ്... കാമിനാരി.. ദയവായി ഇപ്പോൾ മഴപ്പെയ്യിക്കുക.. പക്ഷേ നമ്മൾ ഈ ടെൻഗുവിനെക്കൊണ്ട് എന്ത് ചെയ്യും " ?

" നമുക്കതിനെ ഒസുഗി മലയുടെ ഉച്ചിയിൽ സ്ഥാപിക്കാം "

ഇങ്ങിനെയാണ് ഒസുഗിയിലെ ടെൻഗു കൽപ്രതിമയായി മാറിയ ഐതിഹ്യം